# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ഡിസംബർ

DECEMBER 18 2016





## ശബരിമല പത്രക്കുറിപ്പ്

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam@gmail.com

Facebook Page: Sabarimalamediacentreiprdgok


# സന്നിധാനത്ത് ഭക്തിയുടെ നാദധാര

തുടർച്ചയായി മൂന്നാം വട്ടവും അയ്യപ്പ സന്നിധിയെ ഭക്തിപ്രഭാവത്തിൽ നിറച്ച് തിരുവല്ല നാദം ഓർക്കസ്ട്ര. കട്ടച്ചിറ പുറമുറ്റം കെ.എസ്. സനോജിന്റെ സംവിധാനത്തിൽ ഗണേഷ് തിരുവല്ല കോ-ഓർഡിനേറ്ററായ സംഘമാണ് സന്നിധാനത്ത് ശാസ്ത്രീയ സംഗീതം ഉൾപ്പടെയുള്ള ഭക്തിഗാനസുധ അവതരിപ്പിച്ചത്.സനോജ് പുറമറ്റം, ഗണേഷ് തിരുവല്ല, പ്രകാശ് പളനി, സുനിൽ കല്ലൂപ്പാറ, പ്രദീപ് പുല്ലാട് എന്നിവരാണ് പാട്ടുകൾ പാടിയത്. ബേബിച്ചൻ കോട്ടയം ഓർഗനും ഭദ്രൻ മല്ലപ്പള്ളി, ഹരി കോട്ടയം എന്നിവർ തബലയിലും ജയേഷ് ചന്ദ്രൻ മൃദംഗത്തിലും പക്കമേളം ഒരുക്കി. നിത്യ ഹരിതങ്ങളായ ചലച്ചിത്രഗാനങ്ങൾ ഉൾപ്പെടെയുള്ള ഭക്തിഗാനങ്ങൾ കേൾക്കാൻ അയ്യപ്പൻമാരുടെ നിറഞ്ഞ സദസാണ് ഉണ്ടായിരുന്നത്.

# മെയ്‌വഴക്കത്തിലും പോരാട്ടവീര്യത്തിലും അത്ഭുതങ്ങൾ തീർത്ത് 'മാരുതി' കളരിസംഘം

പിഴയ്ക്കാത്ത ശ്രദ്ധ, കൃത്യമായ ഒഴിഞ്ഞുമാറൽ, മനസൊന്ന് പതറിയാൽ ഏതുനിമിഷവും വഴുതിവീഴാവുന്ന അപകടം. അക്ഷരാർത്ഥത്തിൽ ശബരിമല സന്നിധാനത്തെ ശ്രീ അയ്യപ്പ ഓഡിറ്റോറിയത്തിലെ അയ്യപ്പൻമാരുടെ നീണ്ട നിരയെ മുൾമുനയിൽ നിർത്തുന്നതായിരുന്നു തിരുവനന്തപുരം പൂജപ്പുര കേന്ദ്രമായി പ്രവർത്തിക്കുന്ന മാരുതി മർമചികിത്സാ കളരിസംഘം അവതരിപ്പിച്ച കളരിപ്പയറ്റ്. തെക്കൻ കളരി സമ്പ്രദായ പ്രകാരം അരങ്ങേറിയ അഭ്യാസപ്രകടനങ്ങൾ ആസ്വദിക്കാൻ പൊലീസുകാരുൾപ്പെടെ തിക്കി

ത്തിരക്കുന്നത് കാണാമായിരുന്നു.

കഴിഞ്ഞ 60 വർഷമായി കേരളത്തിന്റെ തനത് ആയോധന കലാരൂപമായ കളരിപ്പയറ്റ് പരിശീലിപ്പിക്കുകയും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ എത്തിക്കുകയും ചെയ്യുന്നതിൽ പ്രമുഖ പങ്കുവഹിച്ച തങ്കപ്പനാശാന്റെ മകൻ അജിത് കുമാറിന്റെ നേതൃത്വത്തിലുള്ള സംഘമാണ് ശബരിമലയിൽ കളരിപ്രദർശനത്തിന് എത്തിയത്. വാൾപ്പയറ്റ്, നെടുവടിപ്പയറ്റ്, കുറുവടിപ്പയറ്റ്, കഠാരപ്പയറ്റ്, ഉറുമിപ്പയറ്റ്, കൈപ്രയോഗങ്ങൾ, ചുവടുകൾ, അടിതട, വെട്ടുകത്തി തുടങ്ങിയുള്ള പ്രയോഗങ്ങൾ ശ്വാസം അടക്കിപ്പിടിച്ചാണ് സദസ്സ് വീക്ഷിച്ചത്. കളരി സ്ഥാപിച്ച എൺപത്തിയേഴുകാരനായ തങ്കപ്പനാശാൻ അത്യപൂർവ ഇനമായ ചെറുമപ്പയറ്റിൽ കേരളത്തിന്റെ ആധികാരിക നാമമാണ്. പതിനെട്ട് വർഷത്തോളം കളരി അഭ്യസിച്ച 11 പേരാണ് സംഘത്തിലുള്ളത്. മാരുതി കളരിസംഘം ആദ്യമായാണ് ശബരിമലയിൽ കളരി അവതരിപ്പിക്കുന്നത്.

എറണാകുളത്ത് ഈ വർഷം നടന്ന കളരിപ്പയറ്റ് ദേശീയ ചാമ്പ്യൻഷിപ്പിൽ വാൾപ്പയറ്റിൽ സ്വർണമെഡൽ കരസ്ഥമാക്കിയ വിഷ്ണു, വിശാഖ് കൂട്ടുകെട്ട്, മനുമോഹൻ, രാംലാൽ, ഷിജിമോൻ, ദീപക്, അനീഷ്, നന്ദു, അരവിന്ദ് എന്നിവർ കളരിയഭ്യാസങ്ങളുമായി രംഗത്ത് എത്തി. കളരിപോലുള്ള കലാരൂപങ്ങൾക്ക് വേണ്ട പരിഗണനയും അവസരങ്ങളും ലഭ്യമാകണമെന്ന അയ്യപ്പനോടുള്ള പ്രാർത്ഥനയുമായാണ് സംഘം മടങ്ങിയത്.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ ~~DECEMBER~~ 18 | 2016 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 2

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalamediacentreiprdgok

---

### പരമ്പരാഗത കാനനപാത വഴി വരുന്ന അയ്യപ്പന്മാർക്ക് ദർശനത്തിന് പ്രത്യേക സൗകര്യം: പ്രയാർ ഗോപാലകൃഷ്ണൻ

ശബരിമല: അതികഠിനമായ പരമ്പരാഗത കാനനപാത വഴി അയ്യപ്പ ദർശനത്തിന് എത്തുന്ന ഭക്തർക്ക് വിർച്വൽ ക്യൂ വഴിയോ പ്രത്യേക ക്യൂ വഴിയോ പതിനെട്ടാംപടിയിലെത്താനുള്ള സൗകര്യം ഒരുക്കുമെന്ന് തിരുവിതാംകൂർ ദേവസ്വംബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ പറഞ്ഞു. എരുമേലിയിൽനിന്നും അഴുത-മുക്കുഴി-കരിമല-വലിയാനവട്ടം വഴി പമ്പയിലേക്കുള്ള അയ്യപ്പന്മാരുടെ കാനനപാതയിലൂടെയുള്ള കഠിനയാത്ര ദേവസ്വം പ്രസിഡന്റ് കഴിഞ്ഞ ദിവസം നേരിട്ട് നടത്തിയതിന് ശേഷമായിരുന്നു പ്രതികരണം.

33 കിലോമീറ്റർ അതി കഠിനമായ കരിമല കയറ്റം കഴിഞ്ഞുവരുന്ന അയ്യപ്പന്മാർക്ക് കരിമല മുകളിൽനിന്ന് പ്രത്യേക പാസ് നൽകി വിർച്വൽ ക്യൂവിലൂടെയോ പ്രത്യേക ക്യൂ ഉണ്ടാക്കിയോ പതിനെട്ടാം പടി കടക്കാൻ സംവിധാനം ഒരുക്കുമെന്ന് അദ്ദേഹം പറഞ്ഞു. ദേവസ്വംബോർഡും വനംവകുപ്പും പോലീസും ചേർന്നുള്ള ഒരു ഉന്നതാധികാര സമിതിയെ ഇതിനായി ചുമതലപ്പെടുത്തും.

കഴിഞ്ഞവർഷവും പ്രസിഡന്റ് ഈ പാതയിലൂടെ യാത്രചെയ്തിരുന്നു. ആദ്യമായാണ് ഒരു ദേവസ്വം പ്രസിഡന്റ് കരിമല വഴി നടന്നു കയറിയത്. അന്ന് വിശന്നുവലഞ്ഞ് കരിമലയിലെത്തിയ സംഘത്തിന് കഞ്ഞി നൽകിയ ഗുരുമൂർത്തി ചെട്ടിയാർസ്വാമിയെ ഇത്തവണയും പ്രസിഡന്റ് കാണുകയും പ്രശ്നങ്ങൾ ആരായുകയും ചെയ്തു. കഴിഞ്ഞ സന്ദർശനത്തിൽ അന്നദാനം നടത്തിയിരുന്ന ഗുരുമൂർത്തിയ്ക്ക് വനംവകുപ്പുമായി ബന്ധപ്പെട്ട് ശുദ്ധജലം പ്രത്യേക

പൈപ്പുവഴി ലഭ്യമാക്കാൻ സൗകര്യം ഏർപ്പെടുത്തിയത് ഗുരുമൂർത്തി അനുസ് മരിച്ചു. രണ്ടുദിവസം മുമ്പ് ഗുരുമൂർത്തി ചെട്ടിയാർസ്വാമി ഫോണിൽ വിളിച്ച് കരിമല ടോപ്പിൽ വെള്ളം ലഭിക്കാത്തതിനാൽ അഞ്ചു ദിവസമായി അന്നദാനം മുടങ്ങിയതായി അറിയിച്ചതിനെ തുടർന്നാണ് പ്രയാർ ഗോപാലകൃഷ്ണൻ നേരിട്ട് കാനന പാതവഴി വീണ്ടും യാത്രനടത്തിയത്. ചീഫ് എഞ്ചിനീയർ ശങ്കരൻപോറ്റിയും മറ്റ് ഉദ്യോഗസ്ഥന്മാരും അദ്ദേഹത്തെ അനുഗമിച്ചിരുന്നു. കരിമലമുകളിൽ കടുത്ത വേനലും മഴ കുറഞ്ഞതും കുടിവെള്ളക്ഷാമം രൂക്ഷമാക്കി. തമിഴ്നാട്ടിൽനിന്നും ഗുരുമൂർത്തി സ്വാമി ഏർപ്പെടുത്തിയ പണിക്കാർ കിണറിനുള്ളിൽ പാറ പൊട്ടിച്ച് ജല സ്രോതസ്സ് തേടുന്നു. എങ്കിലും ഇത് വിജയിക്കാനുള്ള സാധ്യത കുറവാണെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് പറഞ്ഞു. ഇതേ തുടർന്ന് പ്രസിഡന്റിന്റെ നിർദേശപ്രകാരം കരിമലടോപ്പിന് ഒന്നര കിലോമീറ്റർ താഴെയുള്ള ഉറവയിൽനിന്ന് വലിയ പ്ലാസ്റ്റിക് ടാങ്കുകളിൽ വെള്ളം സംഭരിച്ച് രണ്ടു സ്ഥലത്തായി മോട്ടോർ സ്ഥാപിച്ച് കരിമലയിൽ വെള്ളം എത്തിക്കാൻ ദേവസ്വം ചീഫ് എഞ്ചിനീയറും വനംവകുപ്പ് ഉദ്യോഗസ്ഥന്മാരും ചേർന്ന് ശ്രമം ആരംഭിച്ചിട്ടുണ്ട്.

വന സംരക്ഷണസമിതി, എക്കോ ഡവലപ്മെന്റ് സൊസൈറ്റി എന്നിവർ സ്പോൺസർ ചെയ്ത കടകളിൽ കുടിവെള്ളം ലഭിക്കുന്നത് ഭക്തർക്ക് ആശ്വാസമാകുന്നു. കോയിക്കക്കാവിൽ വനം തുടങ്ങുന്നിടത്തു സ്ഥാപിച്ച ഓക്സിജൻ പാർലർ വനത്തിലെ കയറ്റഭാഗത്തേക്ക് മാറ്റണമെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് നിർദേശിച്ചു. ഇഞ്ചിപ്പാറ, മുക്കുഴി എന്നീ വഴികളിൽ വെളിച്ചമില്ല. അവിടെ പോക്കറ്റടി നിത്യസംഭവമാണ്. ഇതിനെതിരെ പോലീസ് കർശന നടപടി സ്വീകരിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. വെള്ളാരം ചെറ്റ പുതുശ്ശേരി ഭാഗത്ത് ഒരു മെഡിക്കൽ സെന്റർ കരിമലയുടെ അതികഠിനകയറ്റത്ത് ഒരു ഓക്സിജൻ പാർലർ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. രാവിലെ ഏഴിന് കാനനപാതയിലൂടെ പുറപ്പെട്ട യാത്ര ഏറെ വൈകി വൈകുന്നേരത്തോടെയാണ് അ്ദ്ദേഹം പൂർത്തിയാക്കി മടങ്ങിയത്.

## മണർകാട് സംഘം പണക്കിഴി സമർപ്പിച്ച് ദർശന സൗഭാഗ്യവുമായി മടങ്ങി

22 വർഷമായി തുടരുന്ന ആചാരാനുഷ്ഠാനത്തോടെയുള്ള മണർകാട് സംഘത്തിന്റെ അയ്യപ്പ സന്നിധിയിലെ പണക്കിഴി സമർപ്പിക്കൽ ചടങ്ങ് ഇന്നലെ ഉച്ചയ്ക്ക് സന്നിധിയിൽ നടന്നു. എല്ലാ വർഷവും ധനുമാസം മൂന്നിന് അയ്യപ്പന് കാണിക്ക അർപ്പിക്കുക എന്ന ആചാരത്തിന്റെ ഭാഗമായാണ് മണർകാട് നിന്നുള്ള 49 അംഗ സംഘം ശബരിമലയിലെത്തിയത്. പെരിയ സ്വാമി രവി മനോഹർ, രാജപ്പൻ എന്നിവരുടെ നേതൃത്വത്തിലും മാർഗനിർദ്ദേശത്തിലുമാണ് സംഘം ഇത്തവണ എത്തിയത്. ധനുമാസം ഒന്നിന് മണർകാട് ഭഗവതീ ക്ഷേത്രത്തിൽ നിന്ന് കെട്ടുമുറുക്കിയാണ് സംഘം യാത്ര പുറപ്പെട്ടത്. വിവിധയിടങ്ങളിൽ ഭജന സമർപ്പിച്ചാണ് സംഘം ഇന്നലെ ഉച്ചയോടെ സന്നിധാനത്ത് എത്തിയത്. 22 വർഷം മുമ്പ് 11 പേരടങ്ങിയ മണർകാട് സംഘം ആദ്യമായി മലചവിട്ടുമ്പോൾ ഉണ്ടായിരുന്ന അഞ്ചുപേർ ഇപ്പോഴും സംഘത്തിലുണ്ട്. രാജപ്പൻ, ശശീന്ദ്രൻ, പ്രകാശ് കുമാർ, സുരേഷ് കുമാർ എന്നിവരാണ്. പെരിയ സ്വാമി രവി മനോഹറാണ് പണക്കിഴി സമർപ്പിച്ചത്. പരമ്പരാഗത പാതയിലൂടെയാണ് സംഘം എത്തുക. മണർകാട് കര

യിൽ നിന്ന്  ശേഖരിച്ച പണം നീലപട്ടിൽ പൊതിഞ്ഞ കിഴിയാക്കിയാണ് ഭഗവാന് സമർപ്പിക്കുന്നത്.

## വിളക്കാട്ടവും കുടമാറ്റവുമായി അർച്ചന അമ്മൻകുടം സംഘമെത്തി

ശബരിമല: എരുമേലി അർച്ചന അമ്മൻകുടം സംഘം ടി.കെ രമേഷിന്റെ നേതൃത്വത്തിൽ വാദ്യമേളങ്ങളോടെ അയ്യന്റെ സന്നിധിയിൽ വിളക്കാട്ടവും കുടമാറ്റവും കാഴ്ച്ചവച്ചു. ഭക്തിയുടെ നിറവിൽ സ്വാമി അയ്യപ്പൻമാർ വലിയ നടപ്പന്തലിലും പതിനെട്ടാം പടിയുടെ താഴെയും താളമിട്ടും ചുവടുവെച്ചും സംഘത്തിനെ പ്രോത്സാഹിപ്പിച്ചു. നാൽപതുപേർ അടങ്ങിയ സംഘം അയ്യപ്പൻ, ശിവപാർവ്വതി, നാഗകന്യകകൾ, മഹിഷി, ദേവിമാർ എന്നീ വേഷങ്ങളിൽ ചിട്ടയോടെയാണ് അയ്യന്റെ മുന്നിൽ അർച്ചന നടത്തിയത്.

## മരക്കൂട്ടം ക്യൂകോംപ്ലക്സ്ഃ
## സാഹചര്യം ഡിഐജി വിലയിരുത്തി

ശബരിമല: മരക്കൂട്ടം ക്യൂകോംപ്ലക്സ് പൂർണതോതിൽ പ്രയോജനപ്പെടുത്തുന്നതിന് വേണ്ട പോലീസ് സേനയെ ഉടൻ വിന്യസിക്കുമെന്ന് ഡിഐജി പി. വിജയൻ. പ്രവേശന കവാടത്തിലുള്ള തറനിരപ്പ് വ്യത്യാസം പരിഹരിക്കുന്നതിന് മണൽചാക്ക്  അടുക്കി തറയിലേക്ക് റാമ്പ് നിർമ്മിച്ച് സുരക്ഷിതമാക്കാൻ നടപടി സ്വീകരിക്കുന്നതിന് ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്. ക്യൂകോംപ്ലക്സിലെ ശുചിമുറികളിൽ വെള്ളവും വിശ്രമിക്കുന്ന അയ്യപ്പൻമാർക്ക് കുടിവെള്ളവും വെളിച്ചവും ഒരുക്കിയാൽ മാത്രമേ പൂർണതോതിൽ പ്രയോജനം ലഭിക്കുകയുള്ളൂവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## ശരണവീഥി ഡയറക്ടറി പ്രകാശനം ചെയ്തു

ശബരിമല: ശബരിമലയുടെ ചരിത്രവും മുൻമേൽശാന്തിമാരുടെ വ്യക്തി വിവരങ്ങളടങ്ങിയ ഡയറക്ടറിയുടെ രണ്ടാം പതിപ്പ് 'ശരണവീഥി' അഖിലഭാരത അയ്യപ്പധർമ്മ പ്രചാരസഭ പുറത്തിറക്കി. സന്നിധാനത്ത് തന്ത്രി കണ്ഠര് രാജീവര് ഫെഡറൽ ബാങ്ക് ചെയർമാൻ ശ്യാം ശ്രീനിവാസന് കൈമാറി പ്രകാശനം ചെയ്തു. മേൽശാന്തി ടി.എം. ഉണ്ണികൃഷ്ണൻ നമ്പൂതിരി, ശബരിമല ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർ ആർ. രവിശങ്കർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ യതീന്ദ്രനാഥ്, തുടങ്ങിയവർ സംബന്ധിച്ചു. ശരണവീഥിയുടെ ഭാരവാഹികളായ പി.എൻ.കെ. മേനോൻ, കെ. അയ്യപ്പദാസ്, വിനോദ് കു

മാർ ബാലകൃഷ്ണൻ, ടി.എ.സജീവ്, എ.പി.കലാധരൻ, മുൻമേൽശാന്തി ബ്രഹ്മശ്രീ ഇടമന എൻ. ദാമോദരൻ പോറ്റി എന്നിവർ പങ്കെടുത്തു

**ചാലക്കയത്ത് ചുക്കുകാപ്പി കേന്ദ്രം**

ശബരിമല: മലയിറങ്ങുന്ന ഭക്തരുടെ അവശത അകറ്റാൻ ചാലക്കയത്ത് പോലീസും കുടുംബശ്രീയും സംയുക്തമായി ആരംഭിച്ച ചുക്കുകാപ്പി വിതരണ കേന്ദ്രം ആശ്വാസമാകുന്നു.

